## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .168 — 22.01.2014-ൽ മറുപടിക്ക്

### മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വില്പനാവകാശവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. ശശി<br>" പി. തിലോത്തമൻ<br>" കെ. അജിത്<br>" ജി. എസ്. ജയലാൽ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വില്പനാവകാശവും മത്സ്യത്തൊഴിലാളികൾക്ക് നല്കണമെന്ന ആവശ്യം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വില്പനാവകാശവും മത്സ്യത്തൊഴിലാളികൾക്ക് നല്കണമെന്ന ആവശ്യം മത്സ്യഫെഡ് വഴി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | മത്സ്യഫെഡിന്റെ വിപണി ഇടപെടൽ കാര്യക്ഷമമല്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ മത്സ്യഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടു വരുന്ന മത്സ്യത്തിന് പരമാവധി വിപണന വില ഉറപ്പുവരുത്തുന്നതിന് മത്സ്യഫെഡ് വഴി പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലെ അംഗങ്ങളായ തൊഴിലാളികൾ പിടിച്ച് കൊണ്ടു വരുന്ന മത്സ്യം, സംഘം നിയോഗിച്ച ലേലക്കാരൻ തന്നെ ലേലം ചെയ്ത് പരമാവധി വില ഉറപ്പു വരുത്തുവാനും, ഉടൻതന്നെ മത്സ്യത്തിന്റെ വില ലഭ്യമാക്കുവാനും സാധിക്കുന്ന രീതിയിലാണ് വിഭാവന ചെയ്തിരിക്കുന്നത്. പ്രസ്തുത സംവി |
| | | | ധാനം ഒരു പരിധി വരെ തൊഴിലാളികൾക്ക് അനുഗ്രഹമായിട്ടുണ്ട്. എന്നാൽ പൂർണ്ണമായും വിപണിയിൽ ഏർപ്പെടുന്നതിന് മത്സ്യഫെഡിന് സാധിച്ചിട്ടില്ല എന്ന വസ്തുത നിലനിൽക്കുന്നതിന്റെ പ്രധാന കാരണം ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ |

| | | | |
|---|---|---|---|
| | | | അഭാവം തന്നെയാണ്. ഇതു തരണം ചെയ്യുന്നതിനായി പ്രധാനപ്പെട്ട ഹാർബറുകളും, ഫിഷ് ലാന്റിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് ഐസ് പ്ലാന്റുകൾ ഉൾപ്പെടെയുള്ള ആധുനിക രീതിയിലുള്ള സംവിധാനം ശക്തിപ്പെടുത്തിക്കൊണ്ട് വിപണനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനായി ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ഉൾനാടൻ മേഖലകൾ കൂടി കേന്ദ്രീകരിച്ച് ലഭ്യമാക്കാൻ കോട്ടയം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ ഫിഷ് മാർട്ടുകൾ സ്ഥാപിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ ജില്ലകളിലും ശരാശരി കുറഞ്ഞ പക്ഷം 5 ഫിഷ് മാളുകൾ വീതമെങ്കിലും ആരംഭിച്ച് പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടികളും കൈക്കൊണ്ടു വരികയാണ്. |

**സെക്ഷൻ ഓഫീസർ**